II അടിയന്തിര പ്രമേയം

ബി. എഡ്. ട്രെയിനിംഗ് കോളേജുകൾക്ക് എൻ.ഒ.സി. നൽകിയതു സംബന്ധിച്ച്

മി. സ്പീക്കർ : ബി. എഡ്. ട്രെയിനിംഗ് കോളേജുകൾക്ക് എൻ.ഒ.സി. നൽകിക്കൊണ്ട് ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിൽ വിദഗ്ദ്ധസമിതി ശുപാർശചെയ്ത 75 ബി. എഡ്. കേന്ദ്രങ്ങളിൽ അനേകം എണ്ണം ഒഴിവാക്കപ്പെടുകയും വിദഗ്ദ്ധ സമിതിയോ ക്യാബിനറ്റോ ശുപാർശ ചെയ്യാത്ത 21 എണ്ണം ലിസ്റ്റിൽ കടന്നുകൂടുകയും ചെയ്തിരിക്കുന്നു. ഇതിനെത്തുടർന്നു വ്യാപകമായ ക്രമക്കേടുകൾ ഉയർന്നുവന്നിരിക്കുകയും വിദ്യാഭ്യാസ മേഖലയാകെ പ്രക്ഷുബ്ധമാവുകയും ചെയ്തിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, കെ. പി. രാജേന്ദ്രൻ, എ. സി. ഷൺമുഖദാസ്, പി. സി. ജോർജ്, എ. എ. അസീസ്, ഡോ. എ. നീലലോഹിതദാസൻ നാടാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 A. M.]

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, 2001-ൽ ബി. എഡ്. കോളേജുകൾക്ക് അപേക്ഷ നൽകിയ 191 എണ്ണത്തിനും എൻ. ഒ. സി. നൽകാൻ മന്ത്രിസഭ തീരുമാനിക്കുകയുണ്ടായി. ഇതേത്തുടർന്നു നിലവിലുള്ള അൺഎയ്ഡഡ് ട്രെയിനിംഗ് കോളേജ് മാനേജ്മെന്റുകൾ സംസ്ഥാനത്ത് ഇനിയും ബി. എഡ്. ട്രെയിനിംഗ് കോളേജുകൾ വേണ്ടെന്നുള്ള ആവശ്യവുമായി ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. അവസാനം എക്സ്പെർട്ട് കമ്മിറ്റിയെക്കൊണ്ട് 75 സ്ഥാപനങ്ങൾ കണ്ടെത്താൻ കോടതി ജഡ്ജ്മെന്റിലൂടെ ആവശ്യപ്പെട്ടു. തുടർന്നു വിദഗ്ദ്ധ സമിതി എല്ലാ അപേക്ഷകരേയും അദാലത്തിലേക്ക് ക്ഷണിച്ചു. 190 അപേക്ഷകരാണ് അദാലത്തിൽ ബന്ധപ്പെട്ട രേഖകളുമായി ഹാജരായത്. എ. പി. എസ്. നമ്പരുള്ള വാലിഡ് ആപ്ലിക്കന്റ്സാണ് അതിൽ പങ്കെടുത്തത്. വിദഗ്ദ്ധ സമിതി തയ്യാറാക്കിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധന നടത്തി 75 സ്ഥാപനങ്ങളെ കണ്ടെത്തി ലിസ്റ്റ് സമർപ്പിച്ചിരുന്നു. 51 അഡീഷണൽ ലിസ്റ്റും സമർപ്പിച്ചു. ഈ പട്ടിക മന്ത്രിസഭയുടെ പരിഗണനയ്ക്ക് വന്നപ്പോൾ ഇതിലെ 11 സ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാരിനു ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കൂടുതൽ പരിശോധനയ്ക്കായി പട്ടിക മാറ്റിവച്ച് പകരമായി 11 സ്ഥാപനങ്ങളെ പട്ടികയിൽ ചേർത്തു. ഇതു കൂടാതെ പ്രസിദ്ധമായ 5 സ്ഥാപനങ്ങൾക്കുകൂടി എൻ.ഒ.സി. നൽകാൻ മന്ത്രിസഭ തീരുമാനിച്ചു. എന്നാൽ മന്ത്രിസഭയിലെ പല ആളുകളുമായി ചർച്ച ചെയ്തിട്ട് യോഗ്യതയുടെ അടിസ്ഥാനത്തിൽ 21 സ്ഥാപനങ്ങളുടെ അഡീഷണൽ ലിസ്റ്റുണ്ടാക്കി കോടതിയിൽ ഇതുസംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സത്യവാങ്മൂലം നടത്താനാണ് തീരുമാനിച്ചത്. ഇത് 2004-05 ലേക്കാണ് ഉദ്ദേശിച്ചത്. അത് എൻ.സി.ടി.ഇ.-ക്ക് അയച്ചുകൊടുത്തു. എൻ.സി.ടി.ഇ.-ക്ക് അയച്ചുകൊടുക്കേണ്ട ലാസ്റ്റ് ഡേറ്റ് 31-12-2003 ആണ്. അത് അയ്യച്ചു കൊടുത്തു. ഈ കാര്യം ബന്ധപ്പെട്ട ആളുകളുടെ ശ്രദ്ധയിൽ ഞാൻ പെടുത്തിയിട്ടുണ്ട്. എന്നാൽ അടുത്ത ക്യാബിനറ്റ് മുമ്പാകെ എൻ.ഒ.സി. റാറ്റിഫിക്കേഷൻസ് നൽകാം എന്ന രീതിയിൽ ആണ് അത് പാസ്സാക്കിയത്. ശ്രീ. ലാസർ നാടാർ, ഓലത്താന്നി-ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ കോടതി 21 സ്ഥാപനങ്ങൾക്കുള്ള എൻ.ഒ.സി. താൽക്കാലികമായി സ്റ്റേ ചെയ്തു. ഹൈക്കോടതി കേസിന്റെ പശ്ചാത്തലത്തിൽ എറണാകുളത്തെത്തിയ അഡ്വക്കേറ്റ് ജനറലുമായി സ്റ്റേറ്റ് അറ്റോർണി, മറ്റ് ഗവൺമെന്റ് പ്ലീഡർമാർ തുടങ്ങിയവരുമായി നിയമവശങ്ങളെപ്പറ്റി ചർച്ച ചെയ്തിരുന്നു. അധികമായി കൊടുത്ത 21 എൻ. ഒ. സി.-യും വിദഗ്ദ്ധ സമിതി ശുപാർശ ചെയ്ത പട്ടികയിൽ നിന്ന് ഒഴിവാക്കിയ 11 സ്ഥാപനങ്ങൾക്ക് പകരമായി ചേർത്ത മറ്റ് 11 സ്ഥാപനങ്ങൾക്കുള്ള എൻ. ഒ. സി.-യും പിൻവലിക്കുന്നതാണ് നിയമപരമായി നല്ലതെന്ന എ. ജി.-യുടെ ഉപദേശം ലഭിച്ചു. ഈ കാര്യം മന്ത്രിസഭായോഗത്തിൽ അവതരിപ്പിക്കുകയും മന്ത്രിസഭ അത് അംഗീകരിക്കുകയും ചെയ്തു. ഇപ്പോൾ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്ത 64 സ്ഥാപനങ്ങൾക്കാണ് എൻ. ഒ. സി. കൊടുത്തത്. ഇനിയും ബി. എഡ്. കോളേജ് ഉണ്ടാകേണ്ട ആവശ്യകത മനസ്സിലാക്കുന്നു. എൻ. ഒ. സി. എന്നാൽ കോളേജ് എന്ന് അർത്ഥമാക്കരുത്. കോളേജ് ലഭിക്കാനുള്ള ആദ്യ ചുവട് വയ്പാണ് എൻ.ഒ.സി. ബന്ധപ്പെട്ട സർവകലാശാലകളുടെയും എൻ.സി.ടി.ഇ.-യുടെയും ...(ബഹളം).....

മി. സ്പീക്കർ : യെസ്, യെസ്.....

ശ്രീ. നാലകത്ത് സൂപ്പി : സർവ്വകലാശാലയുടെ എൻ. ഒ. സി., സർക്കാർ എൻ. ഒ. സി. കൊടുക്കുന്നത് മാനദണ്ഡമായി വിദഗ്ദ്ധസമിതി കണക്കിൽ എടുത്തില്ല. ഈ അക്കാഡമിക് വർഷം കോളേജ് തുടങ്ങണമെങ്കിൽ 2003 ഡിസംബർ 31-ന് മുമ്പ് എൻ.ഒ.സി. നൽകുന്ന കോളേജുകളുടെ പട്ടിക എത്തിക്കണമെന്നായിരുന്നു. അതുകൊണ്ടാണ് ബന്ധപ്പെട്ടവരുമായി ആലോചിച്ച ശേഷം ആ ദിവസം 96 പേർക്ക് എൻ.ഒ.സി. നൽകിയത്. എന്നാൽ ഇപ്പോൾ നിയമ ഉപദേശങ്ങളുടെയും മന്ത്രിസഭാ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ 32 സ്ഥാപനങ്ങൾക്കുള്ള എൻ.ഒ.സി. പിൻവലിച്ചിട്ടുണ്ട്. സർക്കാർ എൻ.ഒ.സി. നൽകുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളുടെ അംഗീകാരം ലഭ്യമാകണമെന്നില്ല. വിദ്യാഭ്യാസ രംഗത്ത് സർക്കാർ സ്വീകരിച്ച തുറന്ന സമീപനത്തിന്റെ ഭാഗമായിട്ടാണ് അപേക്ഷിച്ച എല്ലാപേർക്കും എൻ.ഒ.സി. നൽകാൻ തീരുമാനിച്ചത്. മെഡിക്കൽ കോളേജുകൾക്ക് മൊത്തം 53 എൻ.ഒ.സി. നൽകിയതിൽ ആറ് മെഡിക്കൽ കോളേജുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഫാർമസി

LIBRARY ARCHIVES Kerala Legislative Assembly

കോളേജുകൾക്ക് 90 എൻ.ഒ.സി. നൽകുമ്പോൾ 9 കോളേജുകളാണ് വന്നത്. നേഴ്സിംഗ് കോളേജുകൾക്ക് 150 എൻ.ഒ.സി. നൽകുമ്പോൾ 28 കോളേജുകൾക്കാണ് അംഗീകാരം നൽകിയത്. എഞ്ചിനീയറിംഗ് കോളേജുകളുടെ കാര്യത്തിലും അതാണ് ചെയ്തത്. ഇപ്പോൾ എൻ.ഒ.സി. കൊടുക്കാതെ കോളേജ് കൊടുക്കണ്ട.....

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഇത് ആദ്യമേ പറഞ്ഞാൽ, അദ്ദേഹം പ്രസംഗിച്ചതിനുശേഷം പിന്നെ എന്തു പറയും?

ശ്രീ. നാലകത്ത് സൂപ്പി : ഏതായാലും ഇതിൽ യാതൊരു അപാകതയും ഇല്ല. കൃത്യമായി എല്ലാവരോടും ചോദിച്ചിട്ട് ബന്ധപ്പെട്ട ആളുകൾ ചെയ്തതാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നില്ല.

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാന ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ പുതിയ സ്ഥാപനങ്ങൾ അനുവദിക്കുന്നതിൽ സ്വീകരിച്ചിരിക്കുന്ന നയം, അതിന്റെ ഫലമായി ഉണ്ടായിരിക്കുന്ന ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് ബി. എഡ്. കോളേജ് അനുവദിച്ചതുമായി ഉയർന്നുവന്നിട്ടുള്ള പ്രശ്നം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു അപേക്ഷിച്ച എല്ലാപേർക്കും ആദ്യം എൻ.ഒ.സി. കൊടുത്തു. 191 അപേക്ഷ വന്നു. 191 പേർക്കും എൻ.ഒ.സി. കൊടുത്തു. ഇതിനെത്തുടർന്നു കോടതിയിൽ നിന്നുണ്ടായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ പരിമിതപ്പെടുത്തിയെന്നു അദ്ദേഹം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കോടതിയിൽ ഉണ്ടായ കേസിൽ ഹൈക്കോടതി പറഞ്ഞത്, The State Government will get the 291 applications processed by the Expert Committee already constituted for this purpose by Ext. R 2(1) or to be constituted again at the earliest which will select 75 applicants. Among the 291 based on relative merits, and based on the recommendation of the Committee, the Government will issue N.O.C. to 75 applications by a common or separate orders എന്നാണ് ഹൈക്കോടതി വിധി. ഈ ഹൈക്കോടതി വിധിയെ ലംഘിച്ചുകൊണ്ട് കൃാബിനറ്റ് തീരുമാനത്തെ ലംഘിച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പിന് ഉത്തരവ് പുറപ്പെടുവിക്കാൻ ഏത് നിയമമാണ് അനുശാസിക്കുന്നത്. ഭരണഘടന അനുശാസിക്കുന്നുണ്ടോ? നമ്മുടെ ഏതെങ്കിലും നടപടിക്രമം ഇതിന് സാധൂകരണം നൽകുന്നുണ്ടോ? ഇതാണ് നിയമസഭയുടെ മുമ്പാകെ വന്നിരിക്കുന്ന പ്രധാനമായിട്ടുള്ള പ്രശ്നം. ഇവിടെ ഈ 75 കോളേജുകൾക്ക് എൻ.ഒ.സി. കൊടുത്തപ്പോൾ യഥാർത്ഥത്തിൽ യൂണിവേഴ്സിറ്റിയുടെ മുമ്പിൽ അപേക്ഷപോലും സമർപ്പിക്കാത്ത കോളേജുകൾക്ക് എൻ.ഒ.സി. കൊടുത്തിരിക്കുന്നു. വിദഗ്ദ്ധ സമിതി പരിശോധിച്ച് ഒരു കാരണവശാലും സ്ഥലസൗകര്യമില്ലായെന്ന് റിപ്പോർട്ട് ചെയ്ത കോളേജുകൾ ഇപ്പോൾ എൻ.ഒ.സി.

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിരിക്കുന്ന കോളേജുകളിൽ പെട്ടിരിക്കുന്നു. ഇതു സംബന്ധിച്ചാണ് ഗുരുതരമായിട്ടുള്ള ക്രമക്കേടുകൾ ഉണ്ടായിരിക്കുന്നത്. ഇതു സംബന്ധിച്ച് തീരുമാനമെടുക്കാനുള്ള പൂർണ്ണമായ അധികാരം ക്യാബിനറ്റിനുണ്ട്. ക്യാബിനറ്റ് തീരുമാനിച്ച 75 എണ്ണത്തിന് കൊടുത്തതിനുശേഷം പിന്നെ എങ്ങനെ 96 ആയി വർദ്ധിച്ചു? അത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ക്യാബിനറ്റ് യോഗത്തിനുശേഷം 5 എണ്ണം കൂട്ടിച്ചേർക്കാൻ മുഖ്യമന്ത്രി പറഞ്ഞു എന്നാണ്. അങ്ങനെ 75 എന്നത് 80 ആയി. മുഖ്യമന്ത്രി 5 പറഞ്ഞപ്പോൾ 16 ചേർക്കാൻ എനിക്ക് തോന്നി. നമ്മുടെ നാട്ടിൽ ഒരു ചൊല്ലുണ്ട്. ഗുരുക്കൾ നിന്ന് മൂത്രമൊഴിച്ചാൽ കുട്ടികൾ നടന്ന് മൂത്രമൊഴിക്കും. മുഖ്യമന്ത്രി 5 എണ്ണം കൂട്ടിച്ചേർക്കാൻ പറഞ്ഞപ്പോൾ നമ്മുടെ സൂപ്പി 16 എണ്ണം കൂട്ടിച്ചേർത്തു. അങ്ങനെയാണ് 96-ന്റെ ലിസ്റ്റ് പുറത്തുവന്നത്. 96-ന്റെ ലിസ്റ്റ് പുറത്തുവന്നപ്പോൾ അതുസംബന്ധിച്ച് വിവാദമായി. ക്യാബിനറ്റ് യോഗം ചേർന്ന് 96 പിന്നെയും വെട്ടിക്കുറച്ചു. അപ്പോഴാണ് ഇതുസംബന്ധിച്ച് വിവാദങ്ങളുടെ ഭൂകമ്പമുണ്ടായിരിക്കുന്നത്. അപേക്ഷ കൊടുത്തിട്ട് കിട്ടാത്ത ആളുകളൊക്കെ പരാതിയുമായി രംഗത്തുവന്നു. ഞങ്ങളോട് പൈസ ചോദിച്ചിരുന്നു, ആ പൈസ കൊടുക്കാത്തതുകൊണ്ടാണ് ഞങ്ങളെ അതിൽനിന്ന് ഒഴിവാക്കിയത്. ഇത്തരത്തിൽ പരാതികളുമായി ആളുകൾ മുന്നോട്ടുവന്നു. കൊടുത്ത കോളേജുകൾക്കാണെങ്കിലോ യാതൊരുവിധ മാനദണ്ഡങ്ങളും പാലിച്ചിട്ടില്ലായെന്നും അവയ്ക്ക് യാതൊരു യോഗ്യതയും ഇല്ലായെന്നും കിട്ടാത്ത ആളുകൾ പറയാൻ തുടങ്ങി. അങ്ങനെയാണ് ഈ പ്രശ്നം നമ്മുടെ മുമ്പിൽ വന്നിരിക്കുന്നത്. അതിനകത്ത് വന്നിരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം മലങ്കര ഭദ്രാസന മെത്രാപ്പൊലീത്ത ഡോ. യോഹന്നാൻ മാർ ഫിലിപ്പിനോസ് പറഞ്ഞിരിക്കുന്ന ഒരു ആക്ഷേപമാണ് നമ്മുടെ എല്ലാം ശ്രദ്ധ പിടിച്ചുപറ്റിയത്. തിരുമേനി പറഞ്ഞു അദ്ദേഹം അപേക്ഷ സമർപ്പിച്ചിരുന്ന കോളേജിൽ എല്ലാവിധ സൗകര്യങ്ങളും ഉണ്ട്. യൂണിവേഴ്സിറ്റി റെക്കമെന്റ് ചെയ്തു. എൻ.സി.ടി.ഇ. പറഞ്ഞ എല്ലാ യോഗ്യതയും ഉണ്ട്. പക്ഷേ അത് കിട്ടിയില്ല. കിട്ടാത്തതിന് അദ്ദേഹം പറയുന്നത് അദ്ദേഹത്തിന്റെയടുത്ത് മൂന്ന് വ്യക്തികൾ വന്ന് പൈസ ചോദിച്ചു. മുസ്ലീം ലീഗിന്റെ മൂന്ന് നേതാക്കന്മാർ; മുൻ എം.എൽ.എ. ശ്രീ. മൂസാ ഹാജി, ശ്രീ. പി. സി. അഹമ്മദ്, വേറൊരു മമ്മൂട്ടി. മൂന്നാളിന്റെ പേര് പറയുന്നു. സാധാരണ ആക്ഷേപം ഉന്നയിക്കാറുണ്ടെങ്കിലും പേര് സഹിതം ആക്ഷേപം ഉന്നയിക്കുന്നത് ആദ്യമായിട്ടാണ് കേൾക്കുന്നത്. അതും ആരോപണം ഉന്നയിക്കുന്നത് ആരാണ്? മെത്രാപ്പൊലീത്ത. മെത്രാപ്പൊലീത്തയോട് കൈക്കൂലി ചോദിക്കാൻ സാധിക്കുന്ന അവസ്ഥ നമ്മുടെ സംസ്ഥാനത്ത് വന്നിരിക്കുന്നു. പോപ്പ് നമ്മുടെ നാട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

അല്ലാത്തതുകൊണ്ടല്ലേ അദ്ദേഹം രക്ഷപ്പെട്ടത്. യേശുക്രിസ്തു ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തേയും ഇവർ വെറുതെ വിടില്ലായിരുന്നു. ആരായാലും പൈസ കിട്ടിയാൽ മതി എന്നുള്ളതു മാത്രമേയുള്ളൂ. അതിന്റെ ഫലമായിട്ടാണ് ഇത് സംഭവിച്ചത്. മെത്രാപ്പൊലീത്ത കളവ് പറയുകയില്ലല്ലോ? മെത്രാപ്പൊലീത്ത പറയുന്നത് നമ്മൾ ഇന്നത്തെ സ്ഥിതിയിൽ വിശ്വസിച്ചേ പറ്റൂ. മെത്രാപ്പൊലീത്ത പറഞ്ഞതാണോ ശരി, ബഹുമാനപ്പെട്ട മന്ത്രി സൂപ്പി പറഞ്ഞതാണോ ശരി? അതാണ് ഇവിടെ പരിശോധിക്കപ്പെടേണ്ടത്. മെത്രാപ്പൊലീത്ത ഇവിടെ പറഞ്ഞിരിക്കുന്ന ആക്ഷേപം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ലോകായുക്തിന് സമർപ്പിച്ചു. ലോകായുക്തിന്റെ മുമ്പിൽ മെത്രാപ്പൊലീത്തയെ കൊണ്ടുപോയി നിർത്തുന്നത്; മെത്രാപ്പൊലീത്ത ഉന്നയിച്ചിരിക്കുന്നത് ആരോപണമാണെന്ന് പ്രഥമദൃഷ്ട്യാ മുഖ്യമന്ത്രിക്ക് തോന്നിയതു കൊണ്ടല്ലേ അത് ലോകായുക്തിന്റെ മുമ്പിൽ സമർപ്പിച്ചത്. അങ്ങനെയാണെങ്കിൽ പ്രഥമദൃഷ്ട്യാ അഴിമതി നടത്തിയ ശ്രീ. സൂപ്പിയെ മന്ത്രിസ്ഥാനത്ത് ഇരുത്താൻ പാടുണ്ടോ? മുഖ്യമന്ത്രി മന്ത്രിസ്ഥാനത്തു നിന്ന് അദ്ദേഹത്തെ ഒഴിവാക്കേണ്ടതായിരുന്നില്ലേ? ഇതു സംബന്ധിച്ച് ഒരു ദുരൂഹത നിലനിൽക്കുകയാണ്. ഈ ഒരു കേസ് മാത്രമല്ല. ഇപ്പോൾ ദിവസേന പത്രം നോക്കുമ്പോൾ കേസുകളുടെ ഒരു മലവെള്ളപ്പാച്ചിലാണ്. എല്ലാം ഇവിടെ വിശദീകരിക്കാൻ സമയമില്ല. അങ്ങ് അതിന് സമ്മതിക്കുകയുമില്ല എന്നെനിക്കറിയാം. കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ കാഞ്ഞിലേരിയിൽ ഒരു കോളേജിന് അപേക്ഷ കൊടുത്തു. ആ മാനേജുമെന്റ് പറഞ്ഞു അയാളുടെ അടുത്ത് വന്ന് പൈസ ചോദിച്ചു. ആളിന്റെ പേര് പറയുകയില്ല. 15 ലക്ഷം രൂപ ചോദിച്ചു. രണ്ടര ലക്ഷം രൂപ ചോദിച്ചത് മുസ്ലീം ലീഗിന് ആവശ്യമില്ല എന്നും അത് നക്കാപിച്ചയാണെന്നും ഒരു മന്ത്രി പറഞ്ഞു. അപ്പോൾ രണ്ടര ലക്ഷത്തിന്റെ കേസല്ല പിന്നെ പുറത്തുവന്നത്. പിന്നെ പുറത്തുവന്നത് 15 ലക്ഷം രൂപ ചോദിച്ചുവെന്നാണ്. കാഞ്ഞിലേരിയിൽ ഒരു കോളേജ് കൊടുക്കാൻവേണ്ടി, അത് സൊസൈറ്റി ഏതാണെന്നറിയാമോ? രാജീവ്ഗാന്ധി മെമ്മോറിയൽ സൊസൈറ്റി. അവരോടാണ് 15 ലക്ഷം രൂപ ചോദിച്ചത്. വേറൊരു മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട ഒരാൾ വന്ന് 25 ലക്ഷം രൂപ ചോദിച്ച വേറൊരു കേസുമുണ്ട്. ഇങ്ങനെ നിരവധി കേസുകൾ പുറത്തുവന്നു. എസ്.എൻ.ഡി.പി. മാനേജുമെന്റിനോടാണ് ഇത് ചോദിച്ചിരിക്കുന്നത്. ഇപ്പോൾ പുറത്തുവന്നിരിക്കുന്ന ആക്ഷേപങ്ങൾ ഓരോന്നായി പരിശോധിച്ചാൽ ഇവിടെ എന്തോ ചീഞ്ഞുനാറുന്നുണ്ട്. സെക്രട്ടേറിയേറ്റിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് ഒരു നാറ്റം തുടങ്ങിയിരിക്കുകയാണ്. ഇത് അസഹ്യമായ ഒരു അവസ്ഥയിൽ വന്നപ്പോഴാണ് ഈ ഗുരുതരമായ പ്രശ്നം ഇവിടത്തെ ജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നത്. എല്ലാവിധ നോംസും ലംഘിച്ചുകൊണ്ടാണ് ഇത് കൊടുത്തിരിക്കുന്നത്. ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

പുറത്തുവന്ന് നോക്കിയപ്പോൾ അപേക്ഷ കൊടുത്ത എല്ലാ യോഗ്യതകളുമുള്ള കോളേജുകൾക്ക് കൊടുക്കാതെ വന്നിരിക്കുന്നു. അപ്പോൾ കിട്ടാത്തവർ പരാതിയുമായി വന്നു. കിട്ടിയവർക്ക് പരാതിയില്ല. ആർക്കെല്ലാമാണ് കിട്ടിയത്? ശ്രീ. സൂപ്പിയുടെ സ്വന്തം അനുജന് തന്നെ ഒരു കോളേജ് കൊടുത്തു. ശ്രീ. യൂനുസ് കുഞ്ഞിന് മൂന്ന് കോളേജുകൾ കൊടുത്തു. ലീഗ് നേതാക്കൾക്കെല്ലാം കോളേജ് കൊടുത്തപ്പോൾ അവർക്ക് ആക്ഷേപമില്ല. മനോരമ പത്രം പറഞ്ഞു, കശുവണ്ടി ഫാക്ടറി നടത്തിയ സ്ഥലത്ത് ബി.എഡ്. കോളേജ്. "കശുവണ്ടി ഫാക്ടറിയുടെ പുകക്കുഴൽ പുകയ്ക്കണ്ട ബി.എഡ്.കാർക്ക് പഠിക്കാൻ അത് വച്ചോ" എന്നാണ് ഫാക്ടറി മുതലാളി പറയുന്നത്. മനോരമയിൽ വേറെയൊന്ന് പറയുന്നു. 'ബ്രാ' കമ്പനി നടത്തിയ സ്ഥലത്ത് ബി.എഡ്. കോളേജ്. എന്തൊക്കെയാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്? നമ്മുടെ സംസ്ഥാനത്തിന് ഒരു നിലയും വിലയും വേണ്ടേ? കേരളത്തിൽ ബി.എഡ്. കോളേജുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന വിവാദം ഇവിടെ സാശ്രയ മേഖലയിൽ സഹകാര്യ കോളേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഏറ്റവും വലിയ അഴിമതി നടക്കുന്നു എന്നുള്ള ഒരു ചിത്രമാണ് ഇപ്പോൾ വരച്ചുകാട്ടപ്പെട്ടിരിക്കുന്നത്. ഇത് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യം ഇൻഡ്യൻ എക്സ്പ്രസ്സ് പത്രം റിപ്പോർട്ട് ചെയ്തു. ഞാൻ കൂടുതൽ പറയുന്നില്ല. I was under tremendous pressure from various groups at political and Government level. മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ സമ്മർദ്ദത്തിന് വഴങ്ങി ബി.എഡ്. കോളേജുകൾ അനുവദിക്കാൻ ഇടയായി, മുഖ്യമന്ത്രി 5 എണ്ണം കൂടി ചേർക്കാൻ പറഞ്ഞപ്പോൾ അത് 21 ആയതിനു കാരണം ചില വിഭാഗങ്ങളിൽ നിന്നും കേന്ദ്രത്തിൽനിന്നുമുണ്ടായ സമ്മർദ്ദമായിരുന്നുവെന്ന് മന്ത്രി പറഞ്ഞു-മാതൃഭൂമി. നമ്മുടെ വിദ്യാഭ്യാസ മന്ത്രി സത്യപ്രതിജ്ഞ ചെയ്തു; "നാലകത്ത് സൂപ്പിയായ ഞാൻ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് നിർവ്യാചം വിശ്വാസ്യതയും കൂറും പുലർത്തുമെന്നും ഞാൻ സംസ്ഥാനത്തിന്റെ മന്ത്രി എന്ന നിലയിലുള്ള എന്റെ കർത്തവ്യം വിശ്വസ്തതയോടും മനഃസാക്ഷി പുലർത്തിയും നിർവ്വഹിക്കുമെന്നും ഭരണഘടന നിയമം അനുസരിച്ച് ഭീതിയോ പക്ഷപാതമോ പ്രീതിയോ വിദ്വേഷമോ കൂടാതെ എല്ലാതരത്തിലുമുള്ള ജനങ്ങൾക്കും നീതിചെയ്യുമെന്നും അള്ളാഹുവിന്റെ നാമത്തിൽ സത്യം ചെയ്യുന്നു". ഇങ്ങനെ സത്യപ്രതിജ്ഞ ചെയ്ത ശ്രീ. നാലകത്ത് സൂപ്പിയാണ്, മുഖ്യമന്ത്രിയുടെ സമ്മർദ്ദത്തിന് വിധേയമായി, രാഷ്ട്രീയ പാർട്ടി നേതാക്കന്മാരുടെ സമ്മർദ്ദത്തിന് വിധേയമായി ഞാനത് ചെയ്തുപോയി എന്ന് പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി സത്യപ്രതിജ്ഞാ ലംഘനം നടത്തിയിരിക്കുകയാണ്. ഭരണഘടനയുടെ സത്യപ്രതിജ്ഞാ ലംഘനം നടത്തിയ വിദ്യാഭ്യാസമന്ത്രിക്ക് ഇനി ഒരു നിമിഷംപോലും ആ സ്ഥാനത്ത് തുടരാൻ അർഹതയില്ലായെന്നാണ് ഞാൻ ഇവിടെ സമർത്ഥിക്കാനുദ്ദേശിക്കുന്നത്. ഇവിടെ വ്യക്തമാക്കേണ്ട കാര്യം മന്ത്രിസഭാ ലിസ്റ്റിൽ നിന്നും വ്യത്യസ്തമായി മുഖ്യമന്ത്രി കൂട്ടിച്ചേർക്കാൻ പറഞ്ഞ 5 കോളേജുകൾ ഏതെല്ലാമാണ്? അത് ഈ സഭയിൽ വ്യക്തമാക്കണം. പുണ്യവാളനായ മുഖ്യമന്ത്രി അദ്ദേഹം ഇത്രയുംകാലം പറഞ്ഞതിൽനിന്ന് വ്യത്യസ്തമായി, മന്ത്രിസഭാ തീരുമാനത്തിന് വിരുദ്ധമായി കൂട്ടിച്ചേർക്കാൻ പറഞ്ഞ 5 കോളേജുകൾ ഏതെല്ലാമാണെന്ന് ഇവിടെ വ്യക്തമാക്കണം. മന്ത്രിസഭാ തീരുമാനത്തിന് വിരുദ്ധമായി കൂട്ടിച്ചേർത്ത 21 കോളേജുകൾ ഏതെല്ലാം? ഇതു സംബന്ധിച്ചുള്ള എല്ലാ ഫയലുകളും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണം. അതുകൊണ്ട് ഇവിടെ ഉന്നയിച്ചിരിക്കുന്ന ആരോപണം സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണം. ലോക് ആയുക്ത അന്വേഷിച്ചാൽ പോരാ. ഒരു സിറ്റിംഗ് ഹൈക്കോടതി ജഡ്ജിയെക്കൊണ്ട് അന്വേഷിപ്പിക്കണം. വിദ്യാഭ്യാസ മന്ത്രി ശ്രീ. നാലകത്ത് സൂപ്പിയെ മന്ത്രി സ്ഥാനത്തുനിന്ന് മാറ്റി നിർത്തിക്കൊണ്ട് ഇതു സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. ഈ ഗുരുതരമായ സ്ഥിതി ചർച്ച ചെയ്യുന്നതിനുവേണ്ടി ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ചുകൊണ്ട് ചർച്ചയ്ക്കുള്ള അവസരം ഒരുക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : സർ, 21 കോളേജുകൾ ലിസ്റ്റിൽ വന്നുവെന്നുള്ളതാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇവിടെ പറഞ്ഞത്. സാമുദായിക-സാമൂഹിക പരിഗണനകൾ വച്ചുകൊണ്ട് ആ കോളേജുകൾ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ആയത് 2004-05 വർഷത്തിലേക്കാണെന്ന് സ്പെസിഫിക്കായി തീരുമാനിക്കുകയും ചെയ്തതാണ്. 75 കോളേജുകൾ ഈ വർഷം തുടങ്ങാനും പിന്നീട് വന്ന കോളേജുകൾ അടുത്ത വർഷം തുടങ്ങാനുമാണ് ധാരണയായത്. അതിൽ യാതൊരു ഇടപെടലുകളോ ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞമാതിരിയുള്ള ദുസ്സൂചനകളോ ഇല്ല. അതുപോലെ ലോകായുക്തിൽ കൊടുത്ത കാര്യം ശ്രീ. കോടിയേരി പറഞ്ഞു. പ്ലസ് ടു അനുവദിച്ചതുമായി ബന്ധപ്പെട്ട അഴിമതി നടത്തിയിട്ടുണ്ടെങ്കിൽ ലോകായുക്തിൽ കേസ് സമർപ്പിക്കാൻ ശ്രീ. ആന്റണി എന്തിനു മടിക്കുന്നു, സി.പി.എം. സെക്രട്ടറി പിണറായി വിജയൻ 2000-ൽ, ദേശാഭിമാനിയിൽ.....(ബഹളം).....പഴയതാണ്, ഞാൻ

വായിക്കുന്നില്ല, പഴയതാണ്. .....(ബഹളം)..... ഇതൊക്കെ യാഥാർത്ഥ്യങ്ങളാണ്. ലോകായുക്തിൽ കൊടുക്കാൻ എന്തിനു മടിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് പ്രതിപക്ഷ നേതാവായിരുന്നു. അത് മാത്രമേ പറയുന്നുള്ളൂ. ഏതായാലും.....
(ബഹളം).....(ബഹളം).....

മി. സ്പീക്കർ : ഓർഡർ.....ഓർഡർ.....

ശ്രീ. ടി. കെ. ദേവകുമാർ : ലോകായുക്തിന്റെ പരിധിയിൽ വരുമോ?

ശ്രീ. നാലകത്ത് സൂപ്പി : അർഹതപ്പെട്ട 290 ആപ്ളിക്കേഷനാണ് ഉണ്ടായിരുന്നത്. അതിൽ 190 ആപ്ളിക്കേഷനേ വാലിഡ് ആയിട്ടുള്ളൂ. അതിൽ 75 ആപ്ളിക്കേഷനേ എൻ.ഒ.സി. കൊടുക്കാൻ സാധ്യമായുള്ളൂ. പരാതിയുണ്ടാകും. പരാതിയുള്ള ആളുകൾ കോടതിയിൽ പോകും, ലോകായുക്തിൽ പോകും. അത് മാത്രമേ ഞാൻ പറയുന്നുള്ളൂ. ഏതായാലും ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നില്ല.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്ത് ഉദ്ദേശിച്ചാണ് പറയുന്നത് എന്ന് എനിക്കറിയില്ല. പ്രത്യേകമായി ഒരു കോളേജിന്റെ പേരും ഞാൻ നിർദ്ദേശിച്ചിട്ടില്ല. ..... (ബഹളം) .....
(ബഹളം).....

മി. സ്പീക്കർ : (ഓർഡർ)..... (ഓർഡർ)..... മുഖ്യമന്ത്രി മറുപടി പറയട്ടെ.

ശ്രീ. എ. കെ. ആന്റണി : ഞാൻ പറയട്ടെ..... (ബഹളം)

മി. സ്പീക്കർ : സി. എം. മറുപടി പറയട്ടെ.

ശ്രീ. എ. കെ. ആന്റണി : 75 കോളേജുകളുടെ ലിസ്റ്റ് ആദ്യം കാബിനറ്റിൽ അപ്രൂവൽ ചെയ്തതിനുശേഷം കാബിനറ്റിൽ നടന്ന അവസാനമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ, കോളേജുകൾ നിശ്ചയിച്ചതിൽ റെപ്യൂട്ടഡായിട്ടുള്ള ഇൻസ്റ്റിറ്റ്യൂഷൻസിന് കോളേജുകൾ വിട്ടുപോയിട്ടുണ്ട് എന്ന് ആക്ഷേപം വന്നപ്പോൾ റെപ്യൂട്ടഡായിട്ടുള്ള അഞ്ചു സ്ഥാപനങ്ങൾക്കുകൂടി കൊടുക്കാനാണ് മന്ത്രിസഭ തീരുമാനിച്ചത്. അല്ലാതെ ഒരു കോളേജിന്റെ പേരും ഞാൻ ശുപാർശ ചെയ്തിട്ടില്ല. എന്തിനാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഇങ്ങനെ കൊണ്ടുവന്നതെന്ന് എനിക്കറിയില്ല. 75 കോളേജുകൾക്കും പിന്നെ റെപ്യൂട്ടഡായിട്ടുള്ള അഞ്ചു സ്ഥാപനങ്ങൾക്കും കൂടെ കൊടുക്കാൻ മന്ത്രിസഭയാണ് തീരുമാനം എടുത്തത്. അതിൽ പ്രത്യേകമായി ഒരു കോളേജിന്റെ പേരും ഞാൻ പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

.....(ബഹളം).....(ബഹളം).....

മി. സ്പീക്കർ : ഒന്നാമത് ഇത് കോടതിയുടെ പരിഗണനയിലിരിക്കുന്ന കാര്യമാണ്. subjudice ആണ്. രണ്ട്, ഈ മൂന്ന് ദിവസത്തെ ഗവർണേഴ്സ് അഡ്രസ്സിന്റെ മേലുള്ള ചർച്ചയിൽ ഈ കാര്യങ്ങളെല്ലാം വിശദമായി ചർച്ച ചെയ്യാവുന്നതാണ്. അതുകൊണ്ട് ഇപ്പോൾ ഈ പറഞ്ഞ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് എനിക്ക് അഭിപ്രായമില്ല.

(അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : അടിയന്തിര പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണൻ രണ്ടു മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങൾ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയ്ക്ക് വിധേയമാക്കി. ഭംഗ്യന്തരേണ അത് മുഖ്യമന്ത്രി അംഗീകരിക്കുകയും ചെയ്തു. 75 കോളേജുകൾ അനുവദിച്ചതിനുശേഷം റെപ്യൂട്ടഡായിട്ടുള്ള അഞ്ച് ഇൻസ്റ്റിറ്റ്യൂഷൻസിനും കൂടി നൽകണമെന്ന്. ആ ഇൻസ്റ്റിറ്റ്യൂഷൻസിന്റെ പേര് എന്താണ്? ഏതാണ് റെപ്യൂട്ടഡ് എന്ന് മുഖ്യമന്ത്രി വിശേഷിപ്പിക്കുന്നത്? ഞങ്ങൾക്ക് കൂടി അത് റെപ്യൂട്ടഡായിട്ട് ആയിട്ട് കാണാൻ കഴിയുമോ എന്ന് നിശ്ചയിക്കണമല്ലോ? അത് ഏതെല്ലാമാണെന്ന് വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ടു. അങ്ങ് അത് അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ അത് ഏതെല്ലാമെന്ന്.....

മി. സ്പീക്കർ : അദ്ദേഹം പറഞ്ഞില്ലെന്നാണ് പറഞ്ഞത്.

ശ്രീ. എ. കെ. ആന്റണി : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഒരു ഇൻസ്റ്റിറ്റ്യൂഷന്റെ പേരും ഞാൻ പറഞ്ഞിട്ടില്ല.

.....(ബഹളം).....(ബഹളം).....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : റെപ്യൂട്ടഡായിട്ടുള്ള ഇൻസ്റ്റിറ്റ്യൂഷൻ എന്നു പറയുന്നത് സെലക്റ്റ് ചെയ്യാനുള്ള അവകാശവും മന്ത്രിക്ക് നൽകി എന്ന് ചുരുക്കം. അങ്ങനെയല്ലേ മനസ്സിലാക്കേണ്ടത്. അത് ഏതാണെന്ന് വകതിരിവോടുകൂടി ഉത്തരവാദിത്തത്തോടുകൂടി മുഖ്യമന്ത്രി മനസ്സിലാക്കി, ഇത് അഞ്ചും റെപ്യൂട്ടഡ് ഇൻസ്റ്റിറ്റ്യൂഷൻസാണ്, അതുകൊണ്ട് ഒന്ന്, രണ്ട്, മൂന്ന് എന്നുള്ള രീതിയിൽ ഈ അഞ്ചെണ്ണം വിദ്യാഭ്യാസ മന്ത്രിയോട് ആവശ്യപ്പെടുകയായിരുന്നില്ല അങ്ങ് ചെയ്തത്. വിദ്യാഭ്യാസ മന്ത്രിക്ക് സ്വയമായിട്ടുള്ള ഒരു തീരുമാനമെടുക്കാൻ വേണ്ടിയിട്ട് റെപ്യൂട്ടഡ്, റെപ്യൂട്ടഡ് എന്നു പറഞ്ഞ് ആ ഇൻസ്റ്റിറ്റ്യൂഷൻസിനെ തെരഞ്ഞെടുക്കാൻ അദ്ദേഹത്തെ ചുമതലപ്പെടുത്തുകയാണ് ചെയ്തത്. അദ്ദേഹമാകട്ടെ അഞ്ചിനു പുറമെ, പ്രസ്സുകാരോട് പറഞ്ഞുവന്നിരിക്കുന്നതനുസരിച്ച്, മന്ത്രിമാർ ഓരോരുത്തരും ഓരോന്ന് ചോദിച്ചു, ചിലർ രണ്ടെണ്ണം ചോദിച്ചു. മുഖ്യമന്ത്രി അഞ്ചെണ്ണം പറഞ്ഞിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ മന്ത്രിമാർ ഓരോന്ന് ചോദിച്ചാൽ അതും അംഗീകരിക്കാം എന്നുള്ള നിലയിൽ ഞാൻ അതെല്ലാം അംഗീകരിക്കുകയാണ് ചെയ്തത്, അവസാനം ക്യാബിനറ്റിൽ ചർച്ച വന്നപ്പോൾ അവരെല്ലാം കാലുമാറി ഇങ്ങനെ അവതാളത്തിലാകുകയാണ് ചെയ്തത് എന്നനിലയിലാണ് വിദ്യാഭ്യാസ വകുപ്പ് മന്ത്രി പറഞ്ഞിട്ടുള്ളത്. അദ്ദേഹം മാത്രമല്ല മന്ത്രിസഭ കൂട്ടായിത്തന്നെ ഈ അഴിമതിക്ക് പങ്ക് വഹിച്ചിട്ടുണ്ട്. മുഖ്യമന്ത്രി മുന്നിൽ നിന്നിരുന്നു എന്നാണ് ഇതിൽ നിന്നെല്ലാം കാണുന്നത്. ഇത്ര ഗൗരവതരമായിട്ടുള്ള ആക്ഷേപത്തെ സംബന്ധിച്ച് ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് ജനങ്ങളെ മനസ്സിലാക്കാൻ തക്കവിധത്തിൽ വിശദീകരിക്കാൻ തുനിയാതെ മുഖ്യമന്ത്രിയും, വിദ്യാഭ്യാസ മന്ത്രിയും ഇതിനെ സംബന്ധിച്ച് ഉരുണ്ടുകളിക്കുകയാണ് ചെയ്തിരിക്കുന്നത് എന്നുള്ളതാണ് യാഥാർത്ഥ്യം. ഇത് വളരെയേറെ ഹീനമായ തെറ്റായ നടപടിയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ രംഗത്ത് അത്യന്തം ഹീനമായ നിലയിലുള്ള വിദ്യാഭ്യാസ കച്ചവടം വ്യാപകമായി നടക്കുകയാണ്. പ്രൊഫഷണൽ കോളേജുകളിൽ നടന്ന അഡ്മിഷനെ സംബന്ധിച്ചും, ഫീസ് വർദ്ധനവിനെക്കുറിച്ചുമെല്ലാംതന്നെ പ്രക്ഷുബ്ധമായ അന്തരീക്ഷം കഴിഞ്ഞ അഞ്ചെട്ടു മാസത്തിനു മുൻപ് കേരളത്തിൽ ഉണ്ടായതാണ്. അതൊക്കെ വിദ്യാഭ്യാസ രംഗത്തെ നയസമീപനങ്ങളുടെ ഫലമായിട്ട് ഉണ്ടായിട്ടുള്ളതാണെന്ന് ആർക്കും നിഷേധിക്കാൻ കഴിയുന്നതല്ല. അതിനെ തുടർന്നാണ് ഇപ്പോൾ വളരെ ഹീനമായിട്ടുള്ള വാർത്തകൾ സൃഷ്ടിക്കുന്ന തരത്തിലുള്ള നടപടികൾ ഉണ്ടായിട്ടുള്ളത്. ഇതുസംബന്ധിച്ച് ഒരു അന്വേഷണം എന്നുള്ള നിലയിൽ ലോകായുക്തിനെ ഏൽപ്പിച്ചു. ലോകായുക്തിനെ ഏൽപ്പിക്കുമ്പോൾ തന്നെ സ്വാഭാവികമായിട്ടും ഈ നടപടിയിൽ എന്തോ പന്തികേടുണ്ട് എന്നുള്ളത് പ്രഥമ വീക്ഷണത്തിൽ തന്നെ മുഖ്യമന്ത്രിക്ക് തോന്നിയിട്ടുള്ളതാണ്. മുഖ്യമന്ത്രി ലോകായുക്തിന് റഫർ ചെയ്തപ്പോൾ മുഖ്യമന്ത്രിയേയും കൂടെ ചേർത്തിട്ടാണോ; അതോ വിദ്യാഭ്യാസ മന്ത്രിയെ മാത്രമേ റഫർ ചെയ്തിട്ടുള്ളോ? കാരണം ഇതിൽ മുഖ്യമന്ത്രിയും കൂടെ ഇൻവോൾവ്ഡായിട്ടുള്ള കാര്യമാണല്ലോ; അതുകൊണ്ടാണ് ഇപ്പുറത്തുനിന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളത് ലോകായുക്ത് പോരാ, ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ജുഡീഷ്യൽ എൻക്വയറി നടത്തുക എന്നുള്ളത് വളരെ പ്രസക്തമാണ്. ഈ പ്രശ്നത്തിൽ മുഖ്യമന്ത്രിയുടെയും മൂന്നുനാല് മന്ത്രിമാരുടെയും പേര് വിദ്യാഭ്യാസ മന്ത്രി പറഞ്ഞു. ഞങ്ങൾ അത് ഇല്ല എന്നു കരുതുന്നില്ല. പച്ച പരമാർത്ഥം പറയുന്ന മന്ത്രിയായിട്ടാണ് ഞങ്ങൾ അദ്ദേഹത്തെ കാണുന്നത്. അതുകൊണ്ട് ആ മന്ത്രിമാരുടെയും, മുഖ്യമന്ത്രിയുടെയും, വിദ്യാഭ്യാസ മന്ത്രിയുടെയും ഈ പ്രശ്നത്തെ സംബന്ധിച്ചുള്ള നഗ്നമായ, ഹീനമായ അഴിമതിയെ സംബന്ധിച്ച്, ഈ നാട്ടിലെ ജനങ്ങൾക്ക് ഇതിന്റെ സത്യാവസ്ഥ മനസ്സിലാക്കാൻ സഹായകമായ നിലയിൽ എൻക്വയറി നടത്തുകയാണ് വേണ്ടത്. ഗവൺമെന്റ് അതിന് തയ്യാറുണ്ടോ, ഇല്ലയോ എന്നാണ് അറിയേണ്ടത്. ഈ വിശദീകരണത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇതൊന്നും സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിട്ടില്ല എന്നുപറഞ്ഞ് ക്ലോസ് ചെയ്തിരിക്കുകയാണെന്നുണ്ടെങ്കിൽ ഗവൺമെന്റിന്റെ ഈ നയസമീപനത്തിലുള്ള ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞങ്ങൾ ഈ സഭയിൽ നിന്ന് വാക്കൗട്ട് ചെയ്യുകയാണ്.

(പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങൾ ആവർത്തിക്കുകയല്ല. രാജീവ്ഗാന്ധി മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റിയെക്കുറിച്ച് നേരത്തെ ഇവിടെ ശ്രീ. കോടിയേരി സൂചിപ്പിച്ചു. വളരെ ഗുരുതരമായ ഒരു ആരോപണം പ്രസ്തുത ട്രസ്റ്റിന്റെ ചെയർമാൻ ഉന്നയിച്ചിരിക്കുന്നു. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജിൽ ചരിത്ര വിഭാഗം മേധാവിയും, പ്രൊഫസറുമായ ശ്രീ. കെ. ലക്ഷ്മണൻ മുഖ്യമന്ത്രിക്ക് അയച്ച പരാതിയാണ് ഇത്. ആ പരാതിയിൽ പറയുന്നത് പതിനഞ്ചു ലക്ഷം രൂപ കൈക്കൂലി ചോദിച്ചതുമായി ബന്ധപ്പെട്ട് സൂര്യാ ടി.വി.യിൽ പ്രൊഫസർ ലക്ഷ്മണൻ നടത്തിയ ഇന്റർവ്യൂ വന്നതിന്റെ പിറ്റേ ദിവസം അദ്ദേഹത്തെ ടെലിഫോണിൽ വിളിച്ച് ഇതിന്റെ പ്രതികാരമെന്നോണം ഇന്നലെ (14-1-04) രാത്രി 9.49-ന് എന്നെ വിളിച്ച് തന്റെ കയ്യും കാലും വെട്ടുമെന്നും കുടുംബത്തെ നശിപ്പിക്കുമെന്നും ഭീഷണിപ്പെടുത്തിയെന്ന് പറഞ്ഞു, നമ്പർ, ആളിന്റെ പേര്, സ്ഥലം ഇതെല്ലാം ഉൾപ്പെടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കൊടുത്തതാണ്.

ഇവിടെ അടിയന്തിര പ്രമേയത്തിന്റെ മറുപടി പറയുന്ന കൂട്ടത്തിൽ 10.00 A. M.] മുഖ്യമന്ത്രി ഇടപെട്ടു സംസാരിച്ചപ്പോൾ കുറച്ചുകൂടി ഗൗരവം തോന്നുകയാണ്. കാരണം 16-ാം തീയതിയിലെ ഇൻഡ്യൻ എക്സ്പ്രസ്സിൽ അച്ചടിച്ചുവന്നിരിക്കുന്നത് "I was pressurised to expand B.Ed. list : Sooppy" എന്നാണ്.

മി. സ്പീക്കർ : വാക്കൗട്ട് അല്ലേ? പത്രമൊന്നും വായിക്കേണ്ട.

ശ്രീ. കെ. പി. രാജേന്ദ്രൻ : പത്രസമ്മേളനത്തിലും മന്ത്രി പറഞ്ഞു, ...

മി. സ്പീക്കർ : ഓരോന്നും പറയുന്നതിന് ഓരോ സന്ദർഭമുണ്ട്. പ്രസംഗിക്കുമ്പോൾ ഇതെല്ലാം വായിക്കാം. ഇപ്പോഴല്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : പ്രഷർ ചെലുത്തി ബാഹ്യശക്തികൾ ഇടപെട്ട് മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ഞാൻ ലിസ്റ്റിൽ കൂട്ടിച്ചേർത്തു എന്നാണ് .....

മി. സ്പീക്കർ : അതിനൊക്കെ മുഖ്യമന്ത്രി മറുപടി പറഞ്ഞില്ലേ? പിന്നെ എന്തിനാണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : 32 എണ്ണം റദ്ദാക്കിയതും കൂട്ടിച്ചേർത്തതും ഇപ്പോൾ വീണ്ടും വീണ്ടും ആക്ഷേപം വരുന്ന സാഹചര്യത്തിൽ ലോകായുക്ത അന്വേഷിച്ചാൽ എങ്ങനെയാണ് മമ്മൂട്ടിയും മുഹമ്മദുമൊക്കെ ലോകായുക്തിന്റെ അന്വേഷണത്തിൽ വരുന്നത്. വ്യക്തമായ അന്വേഷണം നടത്തി വസ്തുതകൾ പുറത്തു വരണം. യാതൊരുവിധത്തിലുള്ള ആക്ഷേപങ്ങൾക്കും വിധേയമല്ല, സത്യസന്ധമായി എടുത്ത കാര്യങ്ങളാണ് എന്നാണ് ക്യാബിനറ്റിന്റെ തീരുമാനങ്ങളെക്കുറിച്ച് മുഖ്യമന്ത്രി പറഞ്ഞതെങ്കിലും ഒരു ജുഡീഷ്യൽ അന്വേഷണം നടത്തി വസ്തുത പുറത്തു കൊണ്ടുവരണം. അതിനുപകരം ലോകായുക്തിലേക്ക് അന്വേഷണത്തിന് വിടുന്നത് കുറ്റക്കാരെ സംരക്ഷിക്കാനല്ലേ? മെത്രാപ്പൊലീത്തയെ പോലെ അഭിവന്ദ്യനായ തിരുമേനി ഇത്രയും ഗുരുതരമായ ആരോപണം ആവർത്തിച്ചാവർത്തിച്ച് പറയുന്നു. ഇപ്പോൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. അഭിവന്ദ്യനായ തിരുമേനി ഇത്രയും ഗുരുതരമായ ആരോപണം ഉന്നയിച്ചതിന് ഇങ്ങനെ ലഘുവായ മറുപടി പറയുന്നത് ശരിയാണോ? അതുകൊണ്ട് ഞാൻ നീട്ടുന്നില്ല. സാർ പറഞ്ഞതുപോലെ പ്രസംഗിക്കാൻ സമയമുണ്ട്. ഞങ്ങൾ അത് ശക്തമായി ഉന്നയിക്കാൻ അവസരം ഉപയോഗിക്കുകയും ചെയ്യും. എങ്കിലും ഈ അടിയന്തിര പ്രമേയത്തിന്റെ ചർച്ച നിഷേധിച്ചതുവഴി ഇതിലെ കുറ്റക്കാരെയും അഴിമതിക്കാരെയും സംരക്ഷിക്കുകയല്ലേ? അതുകൊണ്ട് ഒരു ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവുണ്ടാകണം. ഗവൺമെന്റ് ഈ വൈകിയ സന്ദർഭത്തിലെങ്കിലും ഒരു ജുഡീഷ്യൽ അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിക്കണം എന്നാണ് ഞങ്ങൾക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അത് നിഷേധിച്ച നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങളും വാക്കൗട്ടിൽ പങ്കുചേരുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഈ ഗവൺമെന്റിന്റേയും ഐക്യജനാധിപത്യമുന്നണിയുടേയും നയങ്ങളാണ് ഇത്തരത്തിലുള്ള . വിവാദങ്ങൾക്കും ആക്ഷേപങ്ങൾക്കും ആരോപണങ്ങൾക്കും വഴിയൊരുക്കുന്നത്. നേരത്തെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ കാര്യത്തിലും ഇത്തരത്തിലായി. ഇപ്പോൾ സ്വാശ്രയ ബി.എഡ്. കോളേജുകളുടെ കാര്യത്തിലും ഉണ്ടായിരിക്കുകയാണ്. മെത്രാപ്പൊലീത്തയുടെ പരാതിയാണ് ലോകായുക്തിൽ വിട്ടത് എന്നാണ് പത്രവാർത്തകളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. മെത്രാപ്പൊലീത്തയുടെ പരാതി മാത്രമാണോ ലോകായുക്തിന് വിട്ടിട്ടുള്ളത്, അതോ മൊത്തം കാര്യങ്ങൾ ലോകായുക്തിന് വിട്ടിട്ടുണ്ടോ എന്നുള്ളത് ഇതുവരെ വ്യക്തമല്ല. മെത്രാപ്പൊലീത്തയുടെ പരാതിയാണ് ലോകായുക്തിന് വിട്ടിട്ടുള്ളതെങ്കിൽ ലോകായുക്തിന് അന്വേഷിക്കാൻ കഴിയുന്ന കാര്യമല്ല. കാരണം ലോകായുക്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണ പരിധിയിൽ വരുന്നവരാരും കാശു വാങ്ങിയതായി മെത്രാപ്പൊലീത്തയുടെ പരാതിയിൽ നിന്നും വ്യക്തമല്ല. അപ്പോൾ ഇതൊരു eye wash ആണ്. തൽക്കാലം ഈ പ്രശ്നത്തിൽ നിന്നും രക്ഷപ്പെടാൻ മുഖ്യമന്ത്രി സ്വീകരിച്ച തന്ത്രമാണ്. അത് ഇപ്പോഴത്തെ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്തതും കാബിനറ്റിൽ വച്ച് മാറ്റാത്തതുമായ 64 സ്ഥാപനങ്ങൾക്കാണ് എൻ.ഒ.സി. നൽകിയിരിക്കുന്നത്. ഈ വിദഗ്ദ്ധ സമിതിയെ സംബന്ധിച്ച് ഒരു വ്യക്തമായ രൂപമില്ല. എന്തെല്ലാം വൈദഗ്ദ്ധ്യമാണ് കണക്കിലെടുത്തിട്ടുള്ളത്? വിദഗ്ദ്ധ സമിതി ഒന്നായിരുന്നോ, പല ഘട്ടങ്ങളായി വിദഗ്ദ്ധ സമിതിക്ക് രൂപപരിണാമം സംഭവിച്ചോ? ഈ വക കാര്യങ്ങളെക്കുറിച്ചൊക്കെ തന്നെ പരിശോധിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഈ വക കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെടേണ്ടത് ഈ സഭയിലാണ്. അങ്ങനെയൊരു ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഡോ. എ. നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ് : സർ, അഴിമതി ആരോപണം ഉന്നയിച്ചിരിക്കുന്ന ഒരു സ്ഥാപനം എന്റെ നിയോജകമണ്ഡലത്തിൽപെട്ട സ്ഥാപനമാണ്. ശ്രീ. സി. എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ ട്രസ്റ്റ് എന്ന പേരിൽ രൂപീകരിച്ച ശ്രീ. ഹനീഫാ കുഞ്ഞ് മെമ്മോറിയൽ ബി.എഡ്. സെന്റർ എന്ന പേരിൽ ഉമയനെല്ലൂരിൽ സ്ഥാപിക്കാൻ വേണ്ടി അപേക്ഷ കൊടുത്ത ഒരു സ്ഥാപനമാണ്. ആ സ്ഥാപനത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിച്ചത് മുസ്ലീം ലീഗിന്റെ കൊല്ലം ജില്ലാ പ്രസിഡന്റും മുസ്ലീം ലീഗിന്റെ സംസ്ഥാന സെക്രട്ടേറിയറ്റ് മെമ്പറും ആയിരിക്കുന്ന ശ്രീമാൻ യൂനുസ് കുഞ്ഞാണ്. ആ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ച ഒരാളാണ് ഞാൻ. ശ്രീ. യൂനുസ് കുഞ്ഞ് ശിലാസ്ഥാപനം നിർവഹിച്ച ആ കോളേജിന് അംഗീകാരം കിട്ടിയില്ല. ഈ ലിസ്റ്റിൽ ഇല്ല. അവർ ഒരു അഴിമതി ആരോപണം ഉന്നയിക്കുകയാണ്, ഒരു മന്ത്രിയുടെ പേരിൽ, ഏത് മന്ത്രി എന്ന് ഞാൻ പറയുന്നില്ല, മന്ത്രിയുടെ ഓഫീസിൽ നിന്നും 15 ലക്ഷം രൂപ ആവശ്യപ്പെട്ടതായിട്ട്. കഴിഞ്ഞ ദിവസം ഈ ആരോപണം ഉന്നയിച്ചു. ആരോപണം ഉന്നയിച്ച ആൾ നേരിട്ട് വിളിച്ച് എന്നേയും ഈ കാര്യം അറിയിച്ചതാണ്. ഈ വിവരങ്ങൾ കാണിച്ചുതന്നെ ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്ക് ഈ അപേക്ഷകന്റെ മുഴുവൻ പരാതികളും സമർപ്പിച്ചിട്ടുണ്ട്. നേരത്തെ അദ്ദേഹം പത്രക്കാരെ കൊല്ലത്ത് വിളിച്ചുകൂട്ടി പത്രസമ്മേളനം നടത്തി. 15 ലക്ഷം ഉറുപ്പിക മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് ആവശ്യപ്പെട്ടു എന്നും മന്ത്രിയുടെ ഓഫീസിൽ നിന്നും, വിദ്യാഭ്യാസ മന്ത്രിയല്ല, ആവശ്യപ്പെട്ട മന്ത്രിയുടെ ഓഫീസിൽ നിന്നും ഒന്നിലധികം പ്രാവശ്യം ടെലഫോൺ വിളിച്ച് 15 ലക്ഷം രൂപ എന്നുള്ളത് 12 ലക്ഷം രൂപയെങ്കിലുമാക്കിത്തരണം എന്ന്

ആവശ്യപ്പെട്ടതായി അദ്ദേഹം പറഞ്ഞു. ശിലാസ്ഥാപനകർമ്മത്തിൽ പങ്കെടുത്ത യൂനുസ് കുഞ്ഞിന്റെ മരുമകനും, യൂനുസ് കുഞ്ഞിനും രണ്ട് കോളേജ് തൊട്ടടുത്ത് കിട്ടി. ശിലാസ്ഥാപന കർമ്മത്തിൽ പങ്കെടുത്ത അപേക്ഷകർക്ക് കോളേജ് കിട്ടാതിരിക്കുകയുമാണ് ചെയ്തത്. കൊല്ലം ജില്ലയിലെ അണ്ടിയാഫീസുകൾ അടച്ചുപൂട്ടിയാണ് ബി.എഡ്. കോളേജ് നടത്തുന്നത്. കശുവണ്ടി തൊഴിലാളികൾക്ക് ജോലിയില്ല. കശുവണ്ടി മുതലാളിമാർക്ക് കശുവണ്ടി ആഫീസ് നടത്താൻ കാശില്ല. ബി.എഡ്. സെന്റർ നടത്താൻ കാശുണ്ട്. ബഹുമാന്യനായ ബാലകൃഷ്ണപിള്ള സാറിന്റെ കൊട്ടാരക്കര താലൂക്കിൽ മൂന്നു വർഷക്കാലമായി അടച്ചിട്ടിരിക്കുന്ന കശുവണ്ടി ആഫീസ് തേച്ചുമിനുക്കി അവിടെ ബി.എഡ്. കോളേജ് അനുവദിച്ചിരിക്കുകയാണ്. കശുവണ്ടി ഫാക്ടറിയിലാണ് ബി.എഡ്. കോളേജ് അനുവദിച്ചിരിക്കുന്നത്. കശുവണ്ടി തൊഴിലാളികൾ പട്ടിണി കിടക്കുകയാണ്. ബി.എഡ്. സെന്റർ മുക്കിന് മുക്കിന് ആരംഭിക്കട്ടെ. ഇത് ലജ്ജാകരമല്ലേ? ഈ അനീതിക്കെതിരെ അന്വേഷണം നടത്തണം. ജുഡീഷ്യൽ അന്വേഷണം നടത്താത്ത ഗവൺമെന്റ് നയത്തിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി. ശ്രീ. പി. സി. ജോർജും സഭവിട്ട് പുറത്തുപോയി.)

(അല്പ സമയത്തിനുശേഷം പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി.)

III 49-ാമത് ദേശീയ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ കേരളത്തിലെ കായിക പ്രതിഭകളെ അനുമോദിക്കണമെന്ന ആവശ്യം

ശ്രീ. പി. എസ്. സുപാൽ : സർ, വളരെയേറെ സന്തോഷകരമായ ഒരു വിവരം അറിയിക്കട്ടെ. പശ്ചിമബംഗാളിലെ ജൽപായ് ഗുരിയിൽ വച്ച് നടന്ന 49-ാമത് ദേശീയ സ്കൂൾ അത്‌ലറ്റിക് മീറ്റിൽ കേരളം 74 മെഡലുകളോടെ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടുകയുണ്ടായി. കേരളത്തിന്റെ രാഹുൽ രാജ് [illegible]നലൂർ കരവാളൂർ മാർത്തോമ്മാ സ്കൂളിലെ വിദ്യാർത്ഥിയാണ്. നാല് സ്വർണ്ണത്തോടെ സബ് ജൂനിയർ വിഭാഗത്തിൽ വ്യക്തിഗത ചാമ്പ്യനായി. കേരളത്തിന്റെയും ഇൻഡ്യയുടെയും പ്രതീക്ഷകളായ കായിക പ്രതിഭകളെ ഈ സഭ അനുമോദിക്കണമെന്നും, കായിക പ്രതിഭകൾക്ക് സഹായങ്ങൾ നൽകണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly